**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 193** **05-12-2022 - ൽ മറുപടിയ്ക്ക്**

**മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിനായി സർക്കാരിലേക്ക് സൗജന്യമായി ലഭിച്ച ഭൂമിയും കെട്ടിടവും ഉപയോഗപ്പെടുത്തുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | മാവൂർ തെങ്ങിലക്കടവിൽ സർക്കാരിന് കൈമാറിക്കിട്ടിയ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തി കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന് കീഴിൽ ഒരു ക്യാൻസർ സ്ക്രീനിംഗ് സെന്ററായി മാറ്റുന്നതിന് 23/03/2022-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചേർന്നയോഗത്തിൽ തീരുമാനിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. . കൂടാതെ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സൊസൈറ്റി രൂപീകരിച്ച് ഈ സ്ഥാപനത്തിന്റെ തുടർപ്രവർത്തനം നടത്തുന്നകാര്യം പരിശോധിക്കുന്നതിനും സ്ഥലം സർക്കാരിലേയ്ക്ക് നടപടികൾ പൂർത്തിയാക്കി ഏറ്റെടുക്കുന്നതിനും കോഴിക്കോട് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആരംഭിക്കാനുദ്ദേശിക്കുന്ന സെന്ററിന്റെ തുടർപ്രവർത്തനങ്ങൾക്കായി മെഡിക്കൽ സാങ്കേതിക വൈദഗ്ദ്യം ആവശ്യമായി വരുമെന്നതിനാൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഓങ്കോളജി വിഭാഗം ഈ വിഷയം മലബാർ ക്യാൻസർ സെന്ററുമായും പ്രദേശത്തെ മറ്റ് ക്യാൻസർ ചികിൽസാ സൗകര്യങ്ങൾ നൽകുന്നവരുമായും ചർച്ച ചെയ്ത് വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിൻപ്രകാരം യോഗം ചേരുകയും നിലവിലുള്ള സൗകര്യം നേരിട്ട് പരിശോധിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ